# കുടുംബശ്രീ

വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 67 | 2015 ഫെബ്രുവരി | www.kudumbashree.org


## ‘ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന’

# കുടുംബശ്രീയുടെ പുതിയ തൊഴിൽ പദ്ധതിയിലൂടെ യുവജനങ്ങൾക്ക് അവസരങ്ങൾ പ്രയോജനപ്പെടുത്താനാകും: മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

കുടുംബശ്രീയുടെ പുതിയ തൊഴിൽ പദ്ധതിയിലൂടെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ തൊഴിൽ മേഖലകളിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താനാകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന “ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന“യുടെ സംസ്ഥാനതല ഉദ്ഘാടനം കോവളത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താനുള്ള അറിവും കഴിവും നൽകുന്നതിനുള്ള തുടക്കമാണ് കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നത്. നമ്മുടെ ചെറുപ്പക്കാർ കഴിവുള്ളവരാണ്. അവർ ഏതുമേഖലയിലും വിജയിക്കും. തൊഴിൽ മേഖലയുമായി ഇണങ്ങുന്നതിലെ അവരുടെ ചെറിയ പോരായ്മ മാത്രമാണ് പരിഹരിക്കേണ്ടത്. അത് പരിഹരിക്കാൻ കുടുംബശ്രീക്കു കഴിയും. ഇവിടെ ധാരാളം തൊഴിൽ സാധ്യതകളുണ്ട്. തൊഴിൽ ആവശ്യമുള്ള ഒരു വലിയ സമൂഹവുമുണ്ട്. ഈ പദ്ധതി വിജയിക്കുന്നതോടെ അത് തൊഴിലിനു വേണ്ടി ആഗ്രഹിക്കുന്ന മുഴുവൻ പേരുടെയും വിജയമായിരിക്കും. ആദ്യ ബാച്ച് വിജയിക്കുന്നതോടെ ഇത് സമൂഹത്തിനു വേണ്ടിയുള്ള ദൗത്യമായി ഏറ്റെടുത്ത് വിജയിപ്പിക്കണം. ആ വിജയം കൂടുതൽ വെല്ലുവിളികൾ നേരിടാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയും അവർക്ക് കൂടുതൽ പ്രചോദനം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പദ്ധതിക്കായി തിരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങൾ വളരെ മികച്ചതാണെന്നും പദ്ധതി യുവതീയുവാക്കൾക്ക് മെച്ചപ്പെട്ട അവസരമായി മാറട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.



‘ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന’യുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

പുതിയ തൊഴിൽ പദ്ധതി നടപ്പാക്കുന്നതോടെ ഏറ്റവും കൂടുതൽ നൈപുണ്യവും വൈദഗ്ധ്യശേഷിയുമുള്ള യുവതീയുവാക്കളുള്ള സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കുടുംബശ്രീക്കു കഴിയുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ പറഞ്ഞു. യുവതീയുവാക്കൾക്ക് മികച്ച പരിശീലനം നൽകി മാന്യമായ തൊഴിലും ഉയർന്ന പദവികളും ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കും. ഇന്ത്യയ്ക്കു പുറത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കുടുംബശ്രീക്കു കഴിയും. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് പദ്ധതി വിജയിപ്പിക്കുന്നതിനാവശ്യമായ എല്ലാവിധ സാമ്പത്തിക പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്. അശരണരായ സ്ത്രീകൾക്കായി കുടുംബശ്രീ നടപ്പാക്കുന്ന പുനർജനി പദ്ധതിയിലൂടെ അയ്യായിരം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതി സംബന്ധിച്ച് കുടുംബശ്രീയും പരിശീലന പരിപാടിക്കായി തിരഞ്ഞെടുത്ത 23 പരിശീലന സ്ഥാപനങ്ങളുമായുള്ള ധാരണാപത്രവും അദ്ദേഹം കൈമാറി.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി സ്വാഗതം പറഞ്ഞു. കേന്ദ്ര ഗ്രാമവികസന വകുപ്പ് ജോയിന്റ് സെക്രട്ടറി ഡോ. സന്തോഷ് മാത്യു മുഖ്യപ്രഭാഷണം നടത്തി. ജമീലാ പ്രകാശം എം.എൽ.എ, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗങ്ങളായ അഡ്വ.ബിന്ദുകൃഷ്ണ, അഡ്വ,സ്വപ്ന ജോർജ്, അഡ്വ.എൻ.എ ഖാലിദ്, എസ്.പി കുഞ്ഞമ്മദ്, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളായ സുഹറ മമ്പാട്, അബ്ദുള്ളക്കുട്ടി എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം മാനേജർ അജിത് ചാക്കോ, പ്രോഗ്രാം ഓഫീസർമാരായ എ. സഞ്ജയ് കുമാർ, ടി.ഷാഹുൽ ഹമീദ്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. കുടുംബശ്രീ ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ്) പി.ആർ ശ്രീകുമാർ കൃതജ്ഞത അറിയിച്ചു.

4-ാം പേജ് കാണുക ⇨



അർബൻ ഹൗസിംഗ് മിഷന്റെ ലോഗോ നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വികസന വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കു നൽകി പ്രകാശനം ചെയ്യുന്നു




**സംസ്ഥാനത്ത് മായം കലരാത്ത ശുദ്ധമായ പച്ചക്കറികളും പഴവർഗങ്ങളും ധാന്യങ്ങളും കുടുംബശ്രീ സംഘക്ക്യഷി ഗ്രൂപ്പുകൾ മുഖേന ഉൽപാദിപ്പിക്കുന്നു**

# അർബൻ ഹൗസിംഗ് മിഷൻ: ലോഗോ പ്രകാശനം ചെയ്തു



അർബൻ ഹൗസിംഗ് മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

നഗരവികസന പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനായി കുടുംബശ്രീ മുഖേന രൂപീകരിച്ച അർബൻ ഹൗസിംഗ് മിഷ (യു.എച്ച്.എം )ന്റെ ലോഗോ നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വികസന വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കു നൽകി പ്രകാശനം ചെയ്തു. അർബൻ ഹൗസിംഗ് മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

കൊച്ചി മേയർ ടോണി ചമ്മണി, കൊല്ലം നഗരസഭാ അധ്യക്ഷ ഹണി ബെഞ്ചമിൻ, കുടുംബശ്രീ ഡയറക്ടർ പി.ആർ ശ്രീകുമാർ, ജേക്കബ് ചാണ്ടി (മാനേജർ, പി.ആൻഡ് ഇ), ഭാവന, (മാനേജർ,സി.ബി ആൻഡ് എൽ) റോഷിനി പിള്ള, (മാനേജർ, എസ്.ഡി) പ്രദീപ് (മാനേജർ എം.ഐ.എസ്) എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കുടുംബശ്രീ ഇ-ട്രാൻസ്ഫറിങ് സംവിധാനത്തിലേക്ക്



ഇ-ട്രാൻസ്ഫറിങ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വയനാട്ടിൽ കുടുംബശ്രീ ഡയറക്ടർ പി.ആർ. ശ്രീകുമാർ നിർവഹിക്കുന്നു

കുടുംബശ്രീ പദ്ധതിയിൽ പണമിടപാടുകൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നടത്തുന്നതിനുള്ള ഇ-ട്രാൻസ്ഫറിങ് സംവിധാനം നിലവിൽ വരുന്നു. ഇത് നടപ്പാക്കുന്ന സംസ്ഥാനത്തെ ആദ്യ ജില്ലയായി മാറുകയാണ് വയനാട്.

കുടുംബശ്രീ ജില്ലാമിഷനിൽ നിന്നുള്ള പണമിടപാടുകൾ ഇനി മുതൽ ഇ-ട്രാൻസ്ഫറിങ് സംവിധാനത്തിലൂടെയാകും കൈമാറുക. സിഡി.എസ്-എ.ഡി.എസ് അയൽക്കൂട്ടങ്ങളിലേക്കും സംരംഭങ്ങൾക്കുള്ള സബ്സിഡികളും മറ്റാനുകൂല്യങ്ങളും ജില്ലാമിഷനിൽ നിന്ന് നേരത്തെ ചെക്ക് മുഖേനയാണ് നൽകിയിരുന്നത്. ഇനിമുതൽ ചെക്കിലാതെ ജില്ലാമിഷൻ സിഡിഎസ് അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറും. ചെക്ക് മാറ്റിയെടുക്കാനുള്ള കാലതാമസം ഇല്ലാതാകുന്നതോടൊപ്പം സമയവും സാമ്പത്തിക ലാഭവും ഇതിലൂടെ ഉറപ്പാക്കാനാവും.

അയൽക്കൂട്ട മാച്ചിംഗ് ഗ്രാന്റ്, സംഘകൃഷി ബോണസുകൾ, ഭരണ നിർവഹണ ഗ്രാന്റ്, സംരംഭങ്ങൾക്കുള്ള സബ്സിഡി, ഇൻഷുറൻസ് തുക, വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന തുക തുടങ്ങിയവയെല്ലാം കൈമാറുക ഇ-ട്രാൻസ്ഫറിങ് സംവിധാനത്തിലൂടെയാകും.

ജില്ലാമിഷൻ ജീവനക്കാർ, സിഡിഎസ് ചെയർപേഴ്സൺ, അക്കൗണ്ടന്റ്, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, എം.എൽ.പി-എസ്.ടി ആനിമേറ്റർമാർ എന്നിവരുടെ ശമ്പളം ഓണറേറിയം എന്നിവ ഇ-ട്രാൻസ്ഫറിങ് സംവിധാനത്തിലൂടെ നൽകിയ ആദ്യ ജില്ലയും വയനാടായിരുന്നു.

ഇ-ട്രാൻസ്ഫറിങ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കുടുംബശ്രീ ഡയറക്ടർ പി.ആർ. ശ്രീകുമാർ നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എസ്.പി. കുഞ്ഞഹമ്മദ് അധ്യക്ഷത വഹിച്ചു. അസി.ഡവലപ്മെന്റ് കമ്മീഷണർ ഇ.കെ. സുധാകരൻ, ജില്ലാ ലീഡ് ബാങ്ക് മാനേജർ എൻ.വി. രവീന്ദ്രൻ, നബാർഡ് ഡി.ഡി.എം സജികുമാർ, പി.പി. മുഹമ്മദ് എന്നിവർ സംസാരിച്ചു.

കുടുംബശ്രീ വാർത്താപത്രിക



# ഗ്രാമീണ മേഖലക്ക് പുത്തൻ ഉണർവ്

തികച്ചും അഭിമാനകരമായ മറ്റൊരു പദ്ധതിക്കു കൂടി കുടുംബശ്രീ തുടക്കം കുറിച്ചിരിക്കുകയാണ്. കുടുംബശ്രീയും കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി നടപ്പാക്കുന്ന 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

'എന്റെ നൈപുണ്യം എന്റെ വ്യക്തിത്വം' എന്ന ആശയസാക്ഷാത്കാരത്തിനായി കേരളത്തിലെ ഗ്രാമീണ ജനതയെ സജ്ജമാക്കുന്ന നൂതനമായ തൊഴിൽപദ്ധതിയുടെ നിർവഹണ ചുമതല കുടുംബശ്രീയിൽ നിക്ഷിപ്തമായിരിക്കുന്നത് ഏറെ അഭിമാനത്തോടും ചാരിതാർഥ്യത്തോടും മാത്രമേ കാണാൻ കഴിയൂ.

മികച്ച തൊഴിൽ വൈദഗ്ധ്യവും ആശയവിനിമയ ശേഷിയും സാങ്കേതികജ്ഞാനവുമുള്ള ഒരു തലമുറയെ വാർത്തെടുത്ത് രാജ്യത്തും വിദേശത്തും വിവിധ തൊഴിൽ മേഖലകളിൽ അവർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യതയും വരുമാനവും ഉറപ്പു വരുത്തുകയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. 15നും 35നും മദ്ധ്യേ പ്രായമുള്ള യുവാക്കൾക്കും 15 നും 45നും മദ്ധ്യേ പ്രായമുള്ള വനിതകൾക്കും പദ്ധതിയിൽ ചേരാനാകും. ഇപ്രകാരം പ്രതിവർഷം ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന 30000 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിലൂടെ അവരുടെ സാമൂഹ്യജീവിതം അഭിവൃദ്ധി കൈവരിക്കും എന്നതിൽ സംശയമില്ല.

വിവര സാങ്കേതിക വിദ്യയുടെ രംഗത്ത് വൻ കുതിച്ചുചാട്ടമാണ് അടുത്ത കാലത്തുണ്ടായിരിക്കുന്നത്. ഈ മാറ്റങ്ങൾക്കനുസൃതമായി ഇതുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ വ്യത്യസ്ത തൊഴിൽ മേഖലകളിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകുന്നത്. ഇന്ന് ഏതൊരു മേഖലയിലും തൊഴിൽ വൈദഗ്ധ്യത്തിനൊപ്പം മികച്ച ഭാഷാസ്വാധീനവും വ്യക്തിത്വവും അത്യന്താപേക്ഷിതമാണ്. ഇതു കൂടി കണക്കിലെടുത്ത്, വ്യക്തിത്വ വികസനത്തിനും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിനും പ്രത്യേകമായ പരിശീലനവും തിരഞ്ഞെടുക്കപ്പെട്ട പരിശീലനാർത്ഥികൾക്കു നൽകും. ഇത്തരത്തിൽ പരിശീലനം നൽകുന്നതിനായി രാജ്യത്തെ മികച്ച പരിശീലന ഏജൻസികളെയാണ് കുടുംബശ്രീ തിരഞ്ഞെടുത്തിട്ടുള്ളത്.

പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് എല്ലാവിധ പിന്തുണാ സംവിധാനങ്ങളും കുടുംബശ്രീ സജ്ജമാക്കി കഴിഞ്ഞു എന്നത് പദ്ധതി നിർവഹണത്തിന്റെ വേഗം കൂട്ടുമെന്നുറപ്പാണ്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സ്കിൽ ആൻഡ് പ്ളേയ്സ്മെന്റ് സെല്ലു, കൂടാതെ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്.

സമയബന്ധിതമായും ക്രിയാത്മകമായും പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സംസ്ഥാന-ജില്ലാതലത്തിൽ അതിവേഗം പുരോഗമിക്കുകയാണ്. ഗ്രാമീണ മേഖലയിലെ നിർദ്ധനരായ യുവതീ യുവാക്കൾക്ക് സുസ്ഥിര തൊഴിലും മാന്യമായ വരുമാനവും നേടിക്കൊടുക്കുന്നതിലൂടെ ഈ മേഖലയിലെ ദാരിദ്ര്യ നിർമാർജനം ഇല്ലായ്മ ചെയ്യാൻ കുടുംബശ്രീക്കു കഴിയും എന്നതിൽ സംശയമില്ല. ഗ്രാമീണ മേഖലയ്ക്ക് കൂടുതൽ കരുത്തും ഊർജസ്വലതയും പകരാൻ പദ്ധതി നിർവഹണത്തിലൂടെ സാധ്യമാകും എന്ന ശുഭ പ്രതീക്ഷയാണ് കുടുംബശ്രീക്കുള്ളത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

## ഇന്ന് ഞാൻ...



# കുടുംബശ്രീ എന്ന നല്ല അയൽക്കാരി

ഞാൻ സുധ. ഒരു പാവപ്പെട്ട വീട്ടിലെ അംഗമാണ്. എന്റെ ഭർത്താവ് വികലാംഗനായിരുന്നു. നിവർന്ന് നിൽക്കാൻ കഴിയില്ല. ഒരു കാലിനു മാത്രമേ സ്വാധീനമുണ്ടായിരുന്നുള്ളൂ. വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ സ്ഥിര താമസമായി. എനിക്ക് പഠിപ്പൊന്നുമില്ല. ഭർത്താവിന്റെ വീട്ടിലുള്ളവരെല്ലാം ഉദ്യോഗസ്ഥർ. എനിക്ക് വെറും അടുക്കളക്കാരിയുടെ സ്ഥാനമായിരുന്നു അവിടെ. രാവിലെ 4 മണിക്ക് എന്റെ ജോലി തുടങ്ങണം. വീടു മുഴുവൻ തൂത്തുവാരി, തൊഴുത്തിലെ ചാണകം വാരിമാറ്റി പശുവിനെ കറന്ന് പാലെടുക്കണം. വീട്ടിലേക്കാവശ്യമായ പാൽ മാറ്റിയിട്ട് ബാക്കി പാൽ മുഴുവൻ അയൽക്കാർക്ക് വിറ്റ് പൈസ കണക്കുകൂട്ടി അമ്മായിഅമ്മയെ ഏൽപ്പിക്കണം. അതായിരുന്നു അവിടുത്തെ ചിട്ട.

എന്റെ ഭർത്താവിന്റെ വീട്ടിൽ എന്റെ ജീവിതം എത്ര ദു:സ്സഹമായിരുന്നുവെന്ന് അയൽവാസികൾ മനസ്സിലാക്കിയിരുന്നു. എന്നാൽ പണക്കാരായ ഭർത്തൃവീട്ടുകാരെ എല്ലാവർക്കും പേടിയായിരുന്നു. എന്റെ ഭർത്താവാകട്ടെ എപ്പോഴും വീട്ടുകാരുടെ പക്ഷത്തായിരുന്നു. എന്നെ മനസിലാക്കിയതേയില്ല. ഇതിനിടയിൽ ഞങ്ങൾക്ക് രണ്ട് കുട്ടികൾ ഉണ്ടായി. മകൻ വികലാംഗനായിരുന്നു. മകൾക്ക് കുഴപ്പമൊന്നുമില്ല. കുട്ടികളായതോടെ വീട്ടുകാര്യങ്ങൾ പഴയതുപോലെ നോക്കിനടത്താൻ എന്നെക്കൊണ്ടാകാതെ വന്നു. അതോടെ ഭർത്താവിന്റെ വീട്ടുകാർ എന്നെ അവിടെ നിന്ന് ഇറക്കിവിട്ടു.

എന്റെ അമ്മയും അച്ഛനും മരിച്ചിട്ടു വളരെക്കാലമായി. സഹോദരങ്ങൾ വിവാഹം കഴിച്ച് കുടുംബമായി താമസിക്കുന്നു. ഭർത്താവിന്റെ വീട്ടിൽ നിന്നിറക്കി വിട്ട എനിക്ക് കയറിച്ചെല്ലാൻ ഒരു വീടില്ലായിരുന്നു. ഞങ്ങളെ ഇറക്കി വിട്ടതറിഞ്ഞ് നാട്ടുകാർ ഇടപെട്ടു. എന്റെ നിസഹായാവസ്ഥ മനസ്സിലാക്കിയ അയൽവാസി എനിക്കും രണ്ട് മക്കൾക്കും മറ്റൊരു വീട് കണ്ടെത്തും വരെ താൽക്കാലികമായി അഭയം തന്നു. അങ്ങനെ ഭർത്താവിന് വിഹിതം കിട്ടിയ സ്ഥലത്ത് ഒരു മുറി മാത്രമുള്ള ഒരു വീടു തട്ടിക്കൂട്ടി. ഭർത്താവ് ഭക്ഷണത്തിന് അമ്മയുടെ അടുത്തുപോകും. ഞാനും മക്കളും ആരുടെയെങ്കിലും കാരുണ്യത്തിൽ ദിവസം കഴിച്ചുകൂട്ടി.

അയൽക്കാർ കുടുംബശ്രീയിൽ അംഗമായിരുന്നു. അവർ എന്നെയും വിളിച്ചു. പൈസയില്ലാത്തതിനാൽ വരുന്നില്ല എന്നുപറഞ്ഞു. മാത്രമല്ല, ഭർത്താവിന് അത് ഇഷ്ടവുമല്ല. കുടുംബശ്രീക്കാർ നിർബന്ധിച്ച് എന്നെ അംഗമാക്കി. ഞാൻ അവിടെ പലഹാര നിർമാണവും അരിമാവു വിൽപനയും നടത്തുന്ന യൂണിറ്റിൽ അംഗമായി ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി. കിട്ടുന്ന വരുമാനം കുടുംബശ്രീയിൽ സമ്പാദ്യമടയ്ക്കാനും ബാക്കി ചെറിയ തുക വീട്ടാവശ്യത്തിനും ചെലവഴിച്ചു. ഇതിനിടെ അയൽക്കൂട്ടത്തിൽ നിന്ന് ഒരു വായ്പയും ലഭിച്ചു. ആ പണം കൊടുത്ത് ഒരു പശുവിനെ വാങ്ങി. വീട്ടാവശ്യത്തിനും ലോൺ അടയ്ക്കാനും പിന്നെ കുറേശെ മിച്ചം വയ്ക്കാനും കഴിഞ്ഞു. ഇതിനിടെ ഭർത്താവിനും മകനും വികലാംഗ സർട്ടിഫിക്കറ്റ്



സുധ

വാങ്ങാൻ കുടുംബശ്രീ പ്രവർത്തകർ സഹായിച്ചു. അധികം വൈകാതെ സർട്ടിഫിക്കറ്റ് കിട്ടി. രണ്ടുപേർക്കും പെൻഷന് അപേക്ഷ കൊടുത്തു. കുടുംബശ്രീ അംഗങ്ങൾ തന്നെ മുൻകൈയെടുത്ത് പെൻഷൻ വാങ്ങിത്തന്നു. പഞ്ചായത്തിൽ എന്നെക്കൊണ്ട് അപേക്ഷ കൊടുപ്പിച്ചു. അങ്ങനെ ഞങ്ങൾക്ക് സ്വന്തമായി ഒരു വീടും അനുവദിച്ചു കിട്ടി.

എന്റെ അമ്മായിയമ്മ മരിച്ചപ്പോൾ ഞാൻ കുടുംബത്തു ചെന്നു. അപ്പോൾ എന്റെ നാത്തൂൻ പറഞ്ഞു നാട്ടുകാർ പിരിയുമ്പോൾ പൊയ്ക്കൊള്ളാൻ. ഞാനും മക്കളും ശവസംസ്കാരം കഴിഞ്ഞ് മടങ്ങിവന്നു. പിന്നീടുള്ള ചടങ്ങിന് നാട്ടുകാർക്കു കത്തു നൽകി ക്ഷണിച്ചതിനൊപ്പം എനിക്കും ഒരു കത്തു തന്നു. ഞാനും മക്കളും പോയില്ല. ഭർത്താവിന് അതിൽ യാതൊരു പരിഭവവുമില്ലായിരുന്നു.

തുറന്നുപറയട്ടെ എന്നെയും മക്കളെയും വീട്ടിൽ നിന്ന് ഇറക്കിവിട്ട ദിവസം ഞാൻ കിണറ്റിൽ ചാടി മരിക്കാൻ തീരുമാനിച്ചതായിരുന്നു. പക്ഷേ എനിക്കു പേടി തോന്നി. മരിക്കാതെ രക്ഷപെട്ടാൽ പിന്നെ അവരുടെ കിണറ്റിൽ ചാടിയതിന്റെ പീഡനം കൂടി താങ്ങാൻ വയ്യ. മരിക്കാൻ മറ്റു വഴികൾ ആലോചിക്കുന്നതിനു മുമ്പ് എന്റെ നല്ലവരായ കുടുംബശ്രീ അംഗങ്ങൾ എന്നെ മനസിലാക്കി. അത് ജീവിതത്തിലേക്കുള്ള മടക്കമായിരുന്നു. ഭർത്താവിന്റെ വീട്ടിലെ പട്ടിക്കു നൽകുന്ന സ്നേഹവും ആഹാരവും എനിക്കും മക്കൾക്കും കിട്ടിയിരുന്നെങ്കിലും ഞാൻ അവിടെ കഴിച്ചുകൂട്ടുമായിരുന്നു. അന്നവർ എന്നെയും മക്കളെയും വീട്ടിൽ നിന്നിറക്കി വിട്ടതുകൊണ്ട് എന്റെ ജീവിതം എനിക്ക് ഇങ്ങനെയാക്കാൻ കഴിഞ്ഞു.

പിന്നീട് എന്റെ ഭർത്താവ് മരിച്ചു. നാത്തൂന്മാരും ബന്ധുക്കളും വന്നു. കുടുംബശ്രീക്കാർ ഒത്തുകൂടി റീത്തുവച്ചു. കഞ്ഞിയുണ്ടാക്കി എല്ലാവർക്കും കൊടുത്തു. കറണ്ടില്ലായിരുന്നു. മരണവീടല്ലേ ഒന്നു സഹായിക്കണമെന്ന് അയൽക്കാരോട് പറഞ്ഞു. അഞ്ചു ദിവസത്തേക്ക് വെട്ടം കിട്ടാനുള്ള സംവിധാനമുണ്ടാക്കിത്തന്നു. എല്ലാ ചടങ്ങുകളും കുടുംബശ്രീക്കാർ ഏറ്റെടുത്തു. വീട്ടിനുള്ളിൽ കഴിഞ്ഞിരുന്ന എനിക്ക് പുറംലോകം കാണാനുള്ള അവസരമുണ്ടാക്കിയത് കുടുംബശ്രീയാണ്.

ഇന്നെനിക്ക് വീടുണ്ട്. വീട്ടിൽ വൈദ്യുതിയുണ്ട്. വിധവാ പെൻഷനുണ്ട്. തൊഴിലുറപ്പു പദ്ധതിക്കു പോകുന്നതുകൊണ്ട് ജീവിക്കാനുള്ള വരുമാനവുമുണ്ട്. ഇപ്പോൾ എന്റെ നാത്തൂൻ എന്നോട് സഹകരിക്കാൻ തുടങ്ങി. കൂടാതെ ബന്ധുക്കൾ എല്ലാവരും അംഗീകരിക്കുന്നു.

സ്ത്രീയുടെ അഭിമാനമേതെന്ന് ചോദിച്ചാൽ ഞാൻ പറയും കുടുംബശ്രീയാണെന്ന്. ഇനി എന്റെ മരണം വരെ ഞാൻ ഈ പ്രസ്ഥാനത്തിൽ തുടരും. കുടുംബശ്രീ കൈ പിടിച്ച് മുന്നോട്ടു നടത്തിയതാണെന്റെ ജീവിതം. എന്നെപ്പോലെ ബുദ്ധിമുട്ടുന്ന അനേകം പേർ ഈ സമൂഹത്തിലുണ്ടാകും. അവരെ സഹായിക്കാൻ ഈ പ്രസ്ഥാനം എന്നും നിലനിൽക്കണമെന്ന് ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നു.

**തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ട അംഗമായ സുധയുടെ വിജയാനുഭവങ്ങളിൽ നിന്ന്**

# കുടുംബശ്രീ ബാലസഭാംഗങ്ങൾ വൃദ്ധസദനം സന്ദർശിച്ചു



*നക്ഷത്രക്കൂട്ടം ജില്ലാതല ബാലസഭാ ക്യാമ്പിന്റെ ഭാഗമായി കുട്ടികൾ കലവൂരിലെ വൃദ്ധസദനത്തിലെ അന്തേവാസികൾക്കൊപ്പം*

കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച നക്ഷത്രക്കൂട്ടം ജില്ലാതല ബാലസഭാ ക്യാമ്പിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിലെ ബാലസഭാംഗങ്ങൾ കലവൂരിലെ വൃദ്ധ സദനം സന്ദർശിച്ചത് പതിവു പ്രവർത്തനങ്ങളിൽ നിന്നും വേറിട്ട അനുഭവമായി. ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ട് വൃദ്ധസദനത്തിൽ കഴിയുന്ന മുതിർന്ന പൗരൻമാരെയാണ് ബാലസഭാംഗങ്ങൾ സന്ദർശിച്ചത്.

രാവിലെ തന്നെ വൃദ്ധസദനത്തിലെത്തിയ കുട്ടികൾ അന്തേവാസികൾക്കു മുന്നിൽ നാടൻപാട്ടുകളും മറ്റ് ഗാനങ്ങളും അവതരിപ്പിച്ചു. കേക്ക് മുറിച്ച് എല്ലാവർക്കും നൽകി. മക്കളും ഉറ്റബന്ധുക്കളും വൃദ്ധസദനത്തിൽ ഉപേക്ഷിച്ച അന്തേവാസികളുടെ ജീവിതാനുഭവങ്ങൾ അവർ ബാലസഭാംഗങ്ങളോട് പങ്കു വച്ചപ്പോൾ എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞു. അപ്പൂപ്പൻമാരോട് കളിതമാശകൾ പറഞ്ഞും പാട്ടുപാടി രസിപ്പിച്ചും വൈകുന്നേരം വരെ ഒപ്പം കഴിഞ്ഞതിനു ശേഷമാണ് ബാലസഭാംഗങ്ങൾ സഹവാസ ക്യാമ്പിലേക്ക് മടങ്ങിയത്.

ബാലസഭാ ജില്ലാതല റിസോഴ്സ് പേഴ്സൺ പി.ജതീന്ദ്രൻ സ്വാഗതം പറഞ്ഞു. അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സുജ ഈപ്പൻ, ബാലസഭാ കൺസൾട്ടന്റ് രാജേഷ് പൈ, റിസോഴ്സ് പേഴ്സൺമാരായ ബിജു, പ്രസാദ് ബാബു, കെ.പി സാബു, ബാലസഭാംഗങ്ങളായ ഉണ്ണി മനോഹരൻ, കാളിദാസ് എന്നിവർ ആശംസകൾ അർപ്പിച്ചു. അഖില കേരള വൃദ്ധ സദന ട്രസ്റ്റിന്റെ പ്രസിഡന്റ് കണ്ണപ്പൻ പങ്കെടുത്തു.

# കുടുംബശ്രീ പുതിയ ഭാരവാഹികളുടെ യോഗം ചേർന്നു



*കുടുംബശ്രീ സംസ്ഥാന മിഷന്റെ ഉപഹാരം ഡെപ്യൂട്ടി കളക്ടർ കെ. പി അനിൽ കുമാറിന് കളക്ടർ പി ബാലകിരൺ സമ്മാനിക്കുന്നു*

കണ്ണൂർ ജില്ലയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ആദ്യ അവലോകന യോഗം ചേർന്നു.

ചടങ്ങിൽ ജില്ലയിലെ കുടുംബശ്രീ സി.ഡി.എസ് തിരഞ്ഞെടുപ്പിന് നേതൃത്വം നൽകിയ ഡെപ്യൂട്ടി കളക്ടർ കെ. പി അനിൽകുമാറിന് മികച്ച സേവനത്തിനുള്ള കുടുംബശ്രീയുടെ സാക്ഷ്യപത്രവും ജില്ലാ മിഷന്റെ ഉപഹാരവും കളക്ടർ പി ബാലകിരൺ സമ്മാനിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം. വി പ്രേമരാജൻ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സി. ഉസ്മാൻ, സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ പി പി സിറാജ് തുടങ്ങിയവർ സംസാരിച്ചു.

# അമൃതം ന്യൂട്രിമിക്സ് വിപണന മേള

മലപ്പുറം ജില്ലയിൽ ന്യൂട്രിമിക്സ് പൊടി കൊണ്ട് നിർമിച്ച വിവിധ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചു. നഗരസഭാ ചെയർമാൻ വല്ലാഞ്ചിറ മുഹമ്മദാലി പ്രദർശന വിപണന മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

ജില്ലയിലെ 42 യൂണിറ്റുകളിൽ നിന്നായി നൂറോളം ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു. അമൃതം പൊടി കൊണ്ട് തയ്യാറാക്കിയ ലഡു, ന്യൂട്രി സ്വീറ്റ്സ്, സ്നാക്സ്, കേക്കുകൾ, നെയ്വട, മസാല വട, ബനാന കേക്ക്, നുറുക്ക്, മിക്സ്ചർ എന്നിവയാണ് പ്രദർശനത്തിനും വിപണനത്തിനുമായി എത്തിയത്.

# കേരളത്തെ ക്യാൻസർ വിമുക്ത സംസ്ഥാനമാക്കുന്നതിന് കുടുംബശ്രീയുടെ പരിപൂർണ പിന്തുണ നൽകും:
## പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ


'ക്യാൻസർ ബോധവൽക്കരണവും പ്രതിരോധവും'-'സ്വാസ്ഥ്യം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ നിർവഹിക്കുന്നു.

കേരളത്തെ ക്യാൻസർ വിമുക്ത സംസ്ഥാനമാക്കുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ പരിശ്രമങ്ങൾ വിജയിപ്പിക്കാൻ കുടുംബശ്രീയുടെ കീഴിലുള്ള 42 ലക്ഷം സ്ത്രീകളുടെ പരിപൂർണ പിന്തുണ ഉറപ്പുനൽകുന്നതായി പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ പറഞ്ഞു. ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് കുടുംബശ്രീയും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററും സംയുക്തമായി സംഘടിപ്പിച്ച 'ക്യാൻസർ ബോധവൽക്കരണവും പ്രതിരോധവും'-'സ്വാസ്ഥ്യം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മലയിൻകീഴിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ ക്യാൻസർ നിർണയ-പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ഇപ്പോൾ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കുകയാണ്. കുടുംബശ്രീയിലെ 42 ലക്ഷം സ്ത്രീകൾ ആരോഗ്യവകുപ്പിന്റെ ക്യാൻസർ ബോധവൽക്കരണ-നിയന്ത്രണ-പ്രതിരോധ പ്രവർത്തനങ്ങളെ ഏറ്റവും താഴെതട്ടിൽ എത്തിക്കുന്നതിന് പരിപൂർണ സന്നദ്ധരാണ്. ക്യാൻസർ നിയന്ത്രിക്കുന്നതിനൊപ്പം രോഗം വരാതിരിക്കാനും നാം പല കാര്യങ്ങളും ശ്രദ്ധിക്കണം. മദ്യപാനം, പുകയില, ലഹരി പദാർത്ഥങ്ങൾ എന്നിവ ഒഴിവാക്കണം. ഇതിനൊപ്പം വ്യക്തിശുചിത്വവും ആരോഗ്യകരമായ ഭക്ഷണരീതിയും പാലിക്കുന്നതിലൂടെ ക്യാൻസർ തടയാനും സാധിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

ക്യാൻസർ രോഗമെന്നത് സമൂഹത്തിലെ വെല്ലുവിളിയാണെന്നും കുടുംബശ്രീയിലെ 42 ലക്ഷം സ്ത്രീകളുടെ സഹകരണത്തോടെ ബോധവൽക്കരണ-പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങളും അതിനോടൊപ്പം സ്ക്രീനിംഗും നടത്തിയാൽ മാത്രമേ ഈ വെല്ലുവിളി നേരിടാൻ കഴിയൂ എന്നും ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി വി.എസ് ശിവകുമാർ പറഞ്ഞു. 'ക്യാൻസർ നിയന്ത്രണം കേരളത്തിൽ'-രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ അമ്പതിനായിരത്തോളം ക്യാൻസർ രോഗികൾ വിവിധ ആശുപത്രികളിലായി ചികിത്സയിലുണ്ട്. ക്യാൻസറിനെ പ്രതിരോധിക്കുന്നതിന് ജീവിതശൈലി മെച്ചപ്പെടുത്തുകയാണ് വേണ്ടത്. ഇതിന് ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. കുടുംബശ്രീയെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യം താഴേതട്ടിൽ എത്തുകയുള്ളൂ. ക്യാൻസറിനെ കുറിച്ചുള്ള അവബോധവും അതിനോടൊപ്പം പ്രതിരോധവും നിയന്ത്രണവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ പിന്തുണ ലഭിക്കുന്നതോടെ ആരോഗ്യ രംഗത്ത് വലിയൊരു മുന്നേറ്റം സാധ്യമാക്കാനാകും. സ്താനാർബുദം, വായിലെ അർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ ഇത്തരത്തിൽ പ്രതിരോധിക്കാനാകും. ഇതിനായി റീജിയണൽ കാൻസർ സെന്ററുമായി സഹകരിച്ച് കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

ക്യാൻസർ രോഗ നിർണയം, പ്രതിരോധം, നിയന്ത്രണം എന്നിവ സംബന്ധിച്ച അവബോധം സമൂഹത്തിലെ താഴെത്തട്ടിൽ എത്തിക്കുക എന്നതിലൂടെ കുടുംബശ്രീ ഒരു വലിയ ദൗത്യമാണ് ഏറ്റെടുത്തിരിക്കുന്നതെന്നും ഇതുവഴി പ്രാദേശികതലത്തിൽ ക്യാൻസറിനെ കുറിച്ച് വലിയ തോതിൽ അവബോധം സൃഷ്ടിക്കാൻ കഴിയുമെന്നും നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എൻ.ശക്തൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ജീവിതശൈലി, ഭക്ഷണരീതി എന്നിവ മൂലമുണ്ടാകുന്ന ക്യാൻസർ രോഗം നേരത്തെ കണ്ടെത്താനും പ്രതിരോധിക്കാനും അതിനാവശ്യമായ അവബോധം സമൂഹത്തിലെ ഏറ്റവും താഴെതട്ടിൽ എത്തിക്കാൻ കുടുംബശ്രീയെ പോലെ ശക്തമായ സംവിധാനത്തിനു കഴിയുമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഈ രംഗത്ത് ആർ.സി.സിയും കുടുംബശ്രീയും ചേർന്നുള്ള പ്രവർത്തനം അത്ഭുതകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും അവർ പറഞ്ഞു.

ആർ.സി.സി ഡയറക്ര് ഡോ. പോൾ സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി. ഡോ.എ. സമ്പത്ത് എം. പി കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്.പി കുഞ്ഞമ്മദ്, എന്നിവർ സന്നിഹിതരായിരുന്നു. ക്യാൻസറിനെ കുറിച്ചും ക്യാൻസർ രോഗികൾക്ക് ചികിത്സാധനസഹായം ലഭിക്കുന്ന വിവിധ സർക്കാർ പദ്ധതികളെ കുറിച്ചും ആർ.സി.സി പബ്ളിക് റിലേഷൻസ് ഓഫീസർ സുരേന്ദ്രൻ ചുനക്കര വിശദീകരിച്ചു.

ക്യാൻസർ ബോധവൽക്കരണം-പ്രതിരോധം-നിയന്ത്രണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംഘടിപ്പിച്ച ശിൽപശാലയിൽ ആർ.സി.സിയിലെ ഡോ.രമണി എസ്. വെസ്ലി, ഡോ.ജയകൃഷ്ണൻ, ഡോ. എം.സി കലാവതി എന്നിവർ ക്ളാസുകൾ നയിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് റീജിയണൽ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ എക്സിബിഷനും സംഘടിപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.പി.കെ ജമീല, എൻ.എച്ച്. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.മണികണ്ഠൻ, മലയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റ് അനിത. എൽ, ബ്ളോക്ക് പഞ്ചായത്ത് അംഗം എം.ആർ ബൈജു, ജില്ലാ പഞ്ചായത്ത് അംഗം മലയിൻകീഴ് വേണുഗോപാൽ, മലയിൻകീഴ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.ചന്ദ്രൻ നായർ എന്നിവർ ആശംസാപ്രസംഗം നടത്തി. മലയിൻകീഴ് സി.ഡി.എസ് ചെയർപേഴ്സൺ ശശികല കൃതജ്ഞത അറിയിച്ചു. ജെൻഡർ പ്രോഗ്രാം മാനേജർ സോയ തോമസ്, കൺസൾട്ടന്റ് പ്രിയ ബിജേഷ്, ബ്ളോക്ക് കോ-ഓർഡിനേറ്റർമാർ, ജെൻഡർ-ബാലസഭ റിസോഴ്സ് പേഴ്സൺമാർ കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# കുടുംബശ്രീ സി.ഡി.എസ് അധികാര കൈമാറ്റം-ജില്ലകളിലൂടെ

## വയനാട്

വയനാട് ജില്ലയിൽ കുടുംബശ്രീ ത്രിതല സംഘടനാ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുത്തവരുടെ സത്യപ്രതിജ്ഞയും അധികാര കൈമാറ്റവും നടന്നു. അയൽക്കൂട്ട ഭാരവാഹികൾക്ക് അയൽക്കൂട്ടത്തിലെ മുതിർന്ന അംഗവും, എഡിഎസ് ഭാരവാഹികൾക്ക് വാർഡ് മെമ്പറും. സിഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്ക് മുനിസിപ്പൽ -ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാരും സത്യവാചകം ചൊല്ലിക്കൊടുത്തു. 9233 അയൽക്കൂട്ടങ്ങളും, 485 എഡിഎസും, 25 സിഡിഎസ് ഭരണസമിതികളുമാണ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. സത്യപ്രതിജ്ഞാ ചടങ്ങിന്റെയും അധികാര കൈമാറ്റത്തിന്റെയും ജില്ലാതല ഉദ്ഘാടനം കണിയാമ്പറ്റ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എം.വി ശ്രേയാംസ്കുമാർ എംഎൽഎ നിർവഹിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. റഷീദ് അധ്യക്ഷനായി. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. ഉഷാകുമാരി മുഖ്യപ്രഭാഷണം നടത്തി. പനമരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൾ ഗഫൂർ കാട്ടി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കടവൻ ഹംസ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ കെ. കുഞ്ഞായിഷ, കെ.എം. ഫൈസൽ, ഗിരിജ രാജൻ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസിലി തോമസ് സ്വാഗതവും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് നന്ദിയും പറഞ്ഞു.


സത്യപ്രതിജ്ഞാ ചടങ്ങിന്റെയും അധികാര കൈമാറ്റത്തിന്റെയും ജില്ലാതല ഉദ്ഘാടനം എം.വി ശ്രേയാംസ് കുമാർ എം.എൽ.എ നിർവഹിക്കുന്നു.

## കണ്ണൂർ

സ്ത്രീശാക്തീകരണത്തിനും കുടുംബ സാമ്പത്തിക ഭദ്രതയ്ക്കും സംസ്ഥാനത്ത് കുടുംബശ്രീ പ്രവർത്തനം സഹായകരമായതായി മന്ത്രി കെ.സി ജോസഫ് അഭിപ്രായപ്പെട്ടു.

ജില്ലാതല സിഡിഎസ് ഭാരവാഹികളുടെ സത്യപ്രതിജ്ഞയും അധികാരകൈമാറ്റവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്ത്രീകളുടെ ഉന്നമനത്തിനായുള്ള നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടത്താൻ കഴിഞ്ഞതായും ഇക്കാര്യത്തിൽ പല ലോകരാജ്യങ്ങളും രാജ്യത്തെ സംസ്ഥാനങ്ങളും കേരളത്തെ മാതൃകയാക്കുകയാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

എവുശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാർഗരറ്റ് മാത്യു അധ്യക്ഷത വഹിച്ചു. കളക്ടർ ബാലകിരൺ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി കളക്ടർ അനിൽകുമാർ കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എം.വി.പ്രേമരാജൻ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി ടി മാത്യു ആശംസാപ്രസംഗം നടത്തി. സി ഡി എസ് മെമ്പർ സെക്രട്ടറി റോബർട്ട് ജോസഫ് നന്ദി പറഞ്ഞു.

## പത്തനംതിട്ട



സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ജില്ലാതല സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഉദ്ഘാടനം അഡ്വ. കെ. ശിവദാസൻ നായർ എം.എൽ.എ നിർവഹിക്കുന്നു

പത്തനംതിട്ട ജില്ലയിൽ പുതുതായി തിരഞ്ഞെടുത്ത സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ജില്ലാതല സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഉദ്ഘാടനം അഡ്വ. കെ. ശിവദാസൻ നായർ എം.എൽ.എ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഹരിദാസ് ഇടത്തിട്ട അധ്യക്ഷത വഹിച്ചു.

ജില്ലാ കളക്ടർ ഹരി കിഷോർ മുഖ്യപ്രഭാഷണം നടത്തി. പത്തനംതിട്ട നഗരസഭാ സി.ഡി.എസ് ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട മോനി വർഗീസിന് നഗരസഭാ ചെയർമാൻ അഡ്വ.എ സുരേഷ് കുമാർ സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് ഓമല്ലൂർ, ചെന്നീർക്കര, മലയാലപ്പുഴ, മൈലപ്ര, ഇലന്തൂർ, പ്രമാടം, വള്ളിക്കോട് എന്നീ സി.ഡി.എസുകൾ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ സ്വാഗതവും അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സുരേഷ് കുമാർ നന്ദിയും പറഞ്ഞു.

## മലപ്പുറം



സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ജില്ലാതല സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഉദ്ഘാടനം എം.എൽ.എ പി. ഉബൈദുള്ള സാഹിബ് നിർവഹിക്കുന്നു

മലപ്പുറം ജില്ലയിൽ പുതുതായി തിരഞ്ഞെടുത്ത സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ജില്ലാതല സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഉദ്ഘാടനം എം.എൽ.എ പി. ഉബൈദുള്ള സാഹിബ് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റെ സുഹറ മമ്പാട് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സക്കീന പുൽപാടൻ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ മുഹമ്മദ്, പഞ്ചായത്ത് അംഗം റെജൂല, വൈസ് പ്രസിഡന്റ് ഷാജി, ജില്ലാമിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഹഫീസ് ഷാഹി പഞ്ചായത്ത് ബരണ സമിതി അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ 100 സി.ഡി.എസുകൾക്ക് ഒരേ സമയം സത്യപ്രതിജ്ഞാ ചടങ്ങ് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

കുടുംബശ്രീ വാർത്താപത്രിക

# കുടുംബശ്രീ പ്രവർത്തകർ പുതിയ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കണം: മന്ത്രി കെ.പി മോഹനൻ



*കുടുംബശ്രീയുടെ ആട്ഗ്രാമം പദ്ധതിക്കുള്ള ആട് പ്രജനന യൂണിറ്റ് ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി കെ. പി മോഹനൻ ഉദ്ഘാടനം ചെയ്യുന്നു*

ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കുടുംബശ്രീ പ്രവർത്തകർ മുന്നോട്ടു വരണമെന്ന് കൃഷി മന്ത്രി കെ. പി മോഹനൻ പറഞ്ഞു.

കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനും വെറ്ററിനറി സർവകലാശാലയും സംയുക്തമായി നടപ്പാക്കുന്ന സമഗ്ര ആട്ഗ്രാമം പദ്ധതിക്കു വേണ്ടി ആട് പ്രജനന യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മൊകേരി ബയോ റിസോഴ്സ് കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം പി.വി രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. വിജ്ഞാന വ്യാപക സംരംഭകത്വ ഡയറക്ടർ ഡോ. ടി.പി സേതു മാധവൻ പദ്ധതി വിശദീകരിച്ചു.

പദ്ധതി പ്രകാരം ജില്ലയിലെ ബ്രീഡിംഗ് യൂണിറ്റുകൾക്ക് 20 മുട്ടനാടുകളെ നൽകും. മുട്ടനാടുകളുടെ ഒരു വർഷത്തെ തീറ്റയും മരുന്നും ധാതുലവണ മിശ്രിതവും സർവകലാശാല സൗജന്യമായി നൽകും. ആട്ടിൻകൂട് ജില്ലാ പഞ്ചായത്ത് അംഗം പി.വി രവീന്ദ്രനാഥ് കുടുംബശ്രീക്ക് കൈമാറി.

പി.പി ശ്രീധരൻ, പി.പി രാമചന്ദ്രൻ, എൻ പ്രസീദ്, ഡോ.തിരുപ്പതി, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം.വി പ്രേമരാജൻ എന്നിവർ സംസാരിച്ചു. ഡോ. ദീപ ആനന്ദ് സ്വാഗതവും കെ.പി സിന്ധു നന്ദിയും പറഞ്ഞു.

# കുടുംബശ്രീയുടെ ആദ്യ നാട്ടുവിപണി കരുനാഗപ്പള്ളിയിൽ പ്രവർത്തനം തുടങ്ങി

കുടുംബശ്രീ സംരംഭകരിൽ നിന്ന് ഉൽപന്നങ്ങൾ നേരിട്ട് ശേഖരിച്ച് ഷോപ്പിങ് മാളുകളിലെ സ്ഥിരം വിപണന കേന്ദ്രത്തിലൂടെ വിൽപ്പന നടത്തുന്ന നാട്ടുവിപണി സംസ്ഥാനത്ത് ആദ്യമായി കരുനാഗപ്പള്ളി കെ.സി സെന്ററിൽ പ്രവർത്തനം തുടങ്ങി. ജില്ലയിലെ കുടുംബശ്രീ സംരംഭകരിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ടാണ് ഇവിടെ ഉത്പന്നങ്ങൾ ശേഖരിക്കുന്നത്. അതിനാൽ സംരംഭകർക്കും ഉപഭോക്താവിനും അതിന്റെ പ്രയോജനം ലഭിക്കും.

ജില്ലാ സഹകരണ ബാങ്ക് ചെയർമാൻ കെ.സി. രാജൻ നാട്ടുവിപണി ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർമാൻ എച്ച്. സലിം അധ്യക്ഷത വഹിച്ചു. ഇതോടനുബന്ധിച്ച് തുടങ്ങിയ ഹസ്തശിൽപ കേന്ദ്രം സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് അംഗം പി.ആർ. വസന്തൻ ഉദ്ഘാടനം ചെയ്തു. തൊടിയൂർ സിഡിഎസ് സഹായിയായ ആക്ടിവിറ്റി ഗ്രൂപ്പിന്റെ നാപ്കിൻ യൂണിറ്റ് ഉദ്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് അംഗം ബിന്ദുകൃഷ്ണ നിർവഹിച്ചു. ജി.കെ.എസ്.എഫ് ഡയറക്ടർ അനിൽ മുഹമ്മദ് പദ്ധതി വിശദീകരിച്ചു. ഹസ്തശിൽപ കേന്ദ്രത്തിന്റെ ആദ്യ വിൽപന ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.ടി. ബിജുവും നിർവഹിച്ചു.

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. സെവന്തി കുമാരി, നഗരസഭാ മുൻ ചെയർമാൻ എം. അൻസാർ, മുസ്ലിം ലീഗ് മണ്ഡലം പ്രസിഡന്റ് വാഴയ്യത്ത് ഇസ്മായിൽ, താലൂക്ക് മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി പുളിമൂട്ടിൽ ബാബു, കൗൺസിലർ ശ്രീകുമാർ, ജികെഎസ്എഫ്. കരുനാഗപ്പള്ളി ഫെസ്റ്റ് ജനറൽ കൺവീനർ എൻ. അജയകുമാർ, കെ.സി. സെന്റർ ഡയറക്ടർ അബ്ദുൽ ജബ്ബാർ എന്നിവർ സംസാരിച്ചു.

### 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന'

# പ്രതിവർഷം 30000 യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ പുതിയ പദ്ധതിയുമായി കുടുംബശ്രീ

* പദ്ധതി നടപ്പാക്കുന്നത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി
* മൂന്നു മാസം മുതൽ ഒരു വർഷം വരെയുള്ള സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം
* പരിശീലനാർത്ഥികൾക്ക് യാത്രാപ്പടി, ഭക്ഷണ ചെലവ്, യൂണിഫോം, ടാബ്ലെറ്റ് കമ്പ്യൂട്ടർ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നു
* പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ അംഗീകൃതമായ എൻ.സി.വി.റ്റി/സെക്ടർ സ്കിൽ കൗൺസിൽ സർട്ടിഫിക്കറ്റ്

'എന്റെ നൈപുണ്യം എന്റെ വ്യക്തിത്വം' എന്ന ആശയ സാക്ഷാത്കാരത്തിനായി കേരളത്തിലെ ഗ്രാമീണ യുവജനതയ്ക്ക് അവസരം ഒരുങ്ങുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംസ്ഥാന സർക്കാരിനു കീഴിൽ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന" (ഡി.ഡി.യു-ജി.കെ.വൈ) എന്ന പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്തെ യുവജനങ്ങൾക്ക് മികച്ച തൊഴിലധിഷ്ഠിത പരിശീലനവും തൊഴിലും നേടാൻ അവസരമൊരുങ്ങുന്നത്.

പഠിക്കുന്നതിനോടൊപ്പം ജോലി ചെയ്ത് സമ്പാദിക്കുക, ജോലി ചെയ്തുകൊണ്ടു തന്നെ പഠിക്കുക എന്ന പ്രായോഗിക സമീപനത്തിലേയ്ക്ക് യുവതലമുറയെ കൈപിടിച്ചു ഉയർത്തുകയെന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ഇതു പ്രകാരം 15-നും 35-നും വയസ്സിനു മദ്ധ്യേ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെവരുന്ന 30,000 യുവതീയുവാക്കൾക്ക് വർഷംതോറും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ഇംഗ്ലീഷ് പരിജ്ഞാനം, വ്യക്തിത്വ വികസനം എന്നിവയിൽ നൈപുണ്യം നൽകി മാസവേതനം ലഭിക്കുന്ന ജോലി നേടാൻ അവസരമൊരുക്കും.

കുടുംബശ്രീ വഴി നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ നാനാ തുറകളിൽപ്പെട്ടവരിലേയ്ക്ക് ഡി.ഡി.യു- ജി.കെ.വൈയുടെ സന്ദേശം എത്തിച്ചുകൊണ്ട് മെച്ചപ്പെട്ട ഉപജീവനം ലഭ്യമാക്കി കൊടുക്കുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, പ്രാക്തന ഗോത്രവർഗത്തിൽ പെട്ടവർ എന്നിവർ കൂടാതെ ദ്വിലിംഗത്തിൽപ്പെട്ടവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

തൊഴിലുറപ്പു പദ്ധതിയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഓരോ വർഷവും കുറഞ്ഞത് 35 തൊഴിൽ ദിനങ്ങൾ വീതം പൂർത്തിയാക്കിയ എ.പി.എൽ വിഭാഗക്കാർക്കും പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയും. പദ്ധതി ഗുണഭോക്താവ് ആകുന്നതിലൂടെ കുടുംബശ്രീ മുഖേന തികച്ചും സൗജന്യമായി വിദഗ്ധ പരിശീലനവും അതിനു ശേഷം തൊഴിലും ലഭ്യമാക്കുന്നു എന്നതാണ് ഈ പദ്ധതിയെ മറ്റു പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. പരിശീലനാർത്ഥികൾക്ക് യാത്രാപ്പടി, ഭക്ഷണ ചെലവ്, യൂണിഫോം, ടാബ്ലെറ്റ് കമ്പ്യൂട്ടർ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ തികച്ചും സൗജന്യമായി ലഭ്യമാക്കും. കൂടാതെ മൂന്ന്, ആറ്, ഒമ്പത്, 12 മാസങ്ങൾ വീതം ദൈർഘ്യമുള്ള കോഴ്സുകൾ പൂർത്തീകരിക്കുന്നവർക്ക് കേന്ദ്ര സർക്കാർ അംഗീകൃതമായ എൻ.സി.വി.റ്റി/സെക്ടർ സ്കിൽ കൗൺസിൽ സർട്ടിഫിക്കറ്റുകളും ലഭിക്കും.

നിലവിലെ സാഹചര്യങ്ങളിൽ കൂടുതൽ തൊഴിൽ ലഭ്യമാകുന്ന മേഖലകൾ കേന്ദ്രീകരിച്ചാണ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ, വെബ് ഡിസൈനിംഗ്, മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ബി.പി.ഒ., ഓട്ടോമൊബൈൽസ്, ഇലക്ട്രിക്കൽസ്, റിപ്പയറിംഗ്, ഹോസ്പിറ്റാലിറ്റി, ഷെഫ്, കസ്റ്റമർ സർവ്വീസ്, ലോജിസ്റ്റിക്സ്, ഇന്റീരിയൽ ഡെക്കറേഷൻ, അക്കൗണ്ടിംഗ്, റീട്ടെയിൽ ആൻഡ് സെയിൽസ് തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതാണ്.

ഡി.ഡി.യു-ജി.കെ.വൈയിൽ തിരഞ്ഞെടുത്ത് അംഗീകാരം ലഭിച്ച ഏജൻസികൾ, പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള നിലവാരം അനുസരിച്ചുള്ള പരിശീലന കേന്ദ്രങ്ങൾ, അനുബന്ധ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകി അതിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് നിയമനം നൽകുകയെന്നതുമാണ് സുപ്രധാന ദൗത്യം. തൊഴിൽ മേളകൾ, മൈഗ്രേഷൻ സപ്പോർട്ട് സെന്ററുകൾ, കോൾ സെന്ററുകൾ, അലുമിനി സപ്പോർട്ട് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതിയുടെ പ്രത്യേകതകളാണ്.

പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനു വേണ്ടി ആവശ്യമായ എല്ലാവിധ പിന്തുണാ സംവിധാനങ്ങളും കുടുംബശ്രീ സംസ്ഥാന മിഷൻ ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി പൊതുജനങ്ങളിലേയ്ക്ക് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും മറ്റു വകുപ്പു മേധാവികളും ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. കേന്ദ്ര സർക്കാർ, മറ്റു സംസ്ഥാന സർക്കാരുകൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും മേൽനോട്ടത്തിന്റെയും ചുമതല വഹിക്കുന്നത് ഈ കമ്മിറ്റിയാണ്.

പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സ്കിൽ ആൻഡ് പ്ളേയ്സ്മെന്റ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. പ്രോഗ്രാം മാനേജർ, സംസ്ഥാന കൺസൾട്ടന്റുമാർ എന്നിവരാണ് ഈ സെല്ലിൽ പ്രവർത്തിക്കുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറായും വിവിധ വകുപ്പു മേധാവികൾ അംഗങ്ങളുമായിട്ടുള്ള ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ നയിക്കുന്ന ജില്ലാ മിഷൻ ടീം പദ്ധതി പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ സജ്ജമായി കഴിഞ്ഞു.

ജില്ലാതല കൺസൾട്ടന്റുമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ പഞ്ചായത്തു തലത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ എന്നിവർ കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്)യുമായി ചേർന്നാണ് ഗുണഭോക്താക്കളിലേയ്ക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കുന്നത്.

സമയബന്ധിതമായും ക്രിയാത്മകവുമായി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിവിധ തലത്തിലുള്ള ബോധവൽക്കരണ പരിപാടികളാണ് നിലവിൽ സംഘടിപ്പിച്ചുവരുന്നത്. പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ പ്രതിനിധികൾ മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ -ഭരണ സംവിധാനങ്ങളിലുള്ളവർ എന്നിവർക്കൊക്കെ ഇതിനകം തന്നെ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ വിവരശേഖരണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടിയിലൂടെ കൂടുതൽ ഗുണഭോക്തൃ വിവരശേഖരണം നടത്തുന്നതാണ്. ഇതിലുപരിയായി ഡി.ഡി.യു. ജി.കെ.വൈയിൽ പങ്കെടുക്കാൻ താൽപര്യമുള്ള യുവജനങ്ങൾക്കായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും നിലവിൽ വരുന്നതാണ്. ദൃശ്യ-ശ്രാവ്യ -അച്ചടി മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ ആളുകളെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും പദ്ധതിയുടെ ഗുണഫലങ്ങൾ നേടുന്നതിനും കുടുംബശ്രീ അവസരമൊരുക്കും.

വർത്തനമാന കാലത്ത് ഏറ്റവും കൂടുതൽ ചെറുപ്പക്കാർ ലഭ്യമായിട്ടുള്ള രാജ്യമാണ് ഇന്ത്യ. രാജ്യത്തിന്റെ ഭാവി ഭദ്രതയ്ക്ക് യുവജനങ്ങളുടെ നൈപുണ്യ ശാക്തീകരണം അനിവാര്യമാണ്. ഇതു സാധ്യമാക്കുക വഴി ലോകത്തെ വികസ്വര രാഷ്ട്രങ്ങളോട് കിടപിടിക്കത്തക്ക തരത്തിലുള്ള ഒരു വികസിത സമൂഹമായി നമ്മെ രൂപപ്പെടുത്തുന്നതിനാണ് "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന" പദ്ധതി കുടുംബശ്രീ മുഖേന നടപ്പാക്കുന്നത്.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kakkanad, Kochi-30. Managing Editor: P.R Sreekumar. Editor. S. Sanjay Kumar. Editorial Assistant: Asha.S. Panicker. email: spempro2012@gmail.com
For private circulation